**ഇഎ2/33161/23/ഡിടിഇ നമ്പർ മേലെഴുത്ത്  തീയതി : 10.08.2023**

BLO-മാർക്ക് വോട്ടർമാരുടെ വീടുകൾ സന്ദർശിക്കുന്നതിന് 01.08.2023 മുതൽ 21.08.2023 വരെയുള്ള കാലയളവിൽ ഇ.ആർ.ഒ(തഹസിൽദാർ)-ൻറെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക്  ഏതെങ്കിലും രണ്ട് ദിവസം ഡ്യൂട്ടി ലീവ് അനുവദിക്കുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും അനുമതി നൽകി കൊണ്ടുള്ള സർക്കാർ ഉത്തരവ് വകുപ്പിന് കീഴിലെ എല്ലാ ഓഫീസ് / സ്ഥാപന മേധാവികളുടെയും അറിവിലേക്കും തുടർ നടപടികൾക്കുമായും ഉള്ളടക്കം ചെയ്യുന്നു.

Approval Valid

Digitally Approved By
Mansoor A
Date: 11.08.2023
Reason: Approved

Draft #1 of File EA2/33161/23/DTE Approved by Administrative Assistant on 11-Aug-2023 12:06 PM - Page 1

The document is digitally approved. Hence signature is not needed.

By FAX 1/2

സ.ഉ.(സാധാ) നം.3702/2023/GAD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുഭരണം - ബി.എൽ.ഒ.മാർക്ക് വോട്ടർമാരുടെ വീടുകൾ സന്ദർശിക്കുന്നതിന് 01.08.2023 മുതൽ 21.08.2023 വരെയുള്ള കാലയളവിനുള്ളിൽ ഏതെങ്കിലും രണ്ട് ദിവസം ബന്ധപ്പെട്ട ഇ.ആർ.ഒ.(തഹസിൽദാർ)യുടെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറക്ക് ഡ്യൂട്ടി ലീവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.3702/2023/GAD   തീയതി,തിരുവനന്തപുരം, 08-08-2023

---

പരാമർശം:-   1. 31.07.2023 ലെ ചീഫ് ഇലക്ടൽ ഓഫീസറുടെ EL4/79/2023/Elec നമ്പർ കത്ത്

**ഉത്തരവ്**

2024 ജനുവരി 1 യോഗ്യതാ തീയതിയായി നിശ്ചയിച്ച് 18 വയസ്സ് പൂർത്തിയാകുന്ന പൗരന്മാർക്ക് വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുവേണ്ടി ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രത്യേക സംക്ഷിപ്ത സമ്മതിദായക പട്ടിക പുതുക്കൽ-2024 (Special Summary Revision -2024) പരിപാടി പ്രഖ്യാപിച്ചിരിക്കുകയാണ്. പ്രസ്തുത പരിപാടിയോടനുബന്ധിച്ചുള്ള പ്രീ-റിവിഷൻ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് 01.06.2023 മുതൽ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. Special Summary Revision -2024 പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലെ വോട്ടർപ്പട്ടികയിലുള്ള വോട്ടർമാരുടെ വീടുകളിൽ സന്ദർശനം നടത്തി മരണപ്പെട്ടവരെയും, താമസം മാറി പോയവരേയും കണ്ടെത്തി പട്ടികയിൽ നിന്നും ഒഴിവാക്കേണ്ടതും, നിലവിലെ വോട്ടർമാരെ ആധാറുമായി ബന്ധിപ്പിക്കുന്നതിനു വേണ്ട അപേക്ഷ സമർപ്പിക്കുന്നതിന് വോട്ടർമാരെ സഹായിക്കേണ്ടതും ബി.എൽ.ഒ. മാരുടെ ചുമതലയാണ്. ആയതിന്റെ ഭാഗമായി ബി.എൽ.ഒ.മാർക്ക് വോട്ടർമാരുടെ വീടുകൾ സന്ദർശിക്കുന്നതിന് 01.08.2023 മുതൽ 21.08.2023 വരെയുള്ള കാലയളവിനുള്ളിൽ ഏതെങ്കിലും രണ്ട് ദിവസം ബന്ധപ്പെട്ട ഇ.ആർ.ഒ.(തഹസിൽദാർ) യുടെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറക്ക് ഡ്യൂട്ടി ലീവ് അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുവാൻ പരാമർശ പ്രകാരം ചീഫ് ഇലക്ടൽ ഓഫീസർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം വാർഷിക സംക്ഷിപ്ത സമ്മതിദായിക പട്ടിക പുതുക്കൽ - 2024 (Special Summary Revision -2024) നോടനുബന്ധിച്ചുള്ള പ്രീ-റിവിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായും വോട്ടർപട്ടികയുമായി ആധാർ ബന്ധിപ്പിക്കുന്നതിന്റെ ഭാഗമായും ബി.എൽ.ഒ. മാർക്ക് വോട്ടർമാരുടെ വീടുകൾ സന്ദർ ശിക്കുന്നതിന് **01.08.2023 മുതൽ 21.08.2023** വരെയുള്ള കാലയളവിനുള്ളിൽ ഏതെങ്കിലും രണ്ട് ദിവസം ബന്ധപ്പെട്ട ഇ.ആർ.ഒ.(തഹസിൽദാർ) യുടെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറക്ക് ഡ്യൂട്ടി ലീവ് അനുവദിക്കുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

ചീഫ് ഇലക്ടൽ ഓഫീസർ, ഇലക്ഷൻ വകുപ്പ്, തിരുവനന്തപുരം
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറിമാർക്കും

സ.ഉ.(സാധാ) നം.3702/2023/GAD

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ,(ആഡിറ്റ്) ), കേരള, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഇലക്ഷൻ വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sreekumar T
Date: 08-08-2023 14:36:51
സെക്ഷൻ ഓഫീസർ